ജൂറിസ്ഡിക്ഷന് അകത്തുള്ള ലക്ഷം വീട് കോളനികൾ, ഏതൊക്കെ റിപ്പയർ ചെയ്യണം, ഏതൊക്കെ പുതുക്കി പണിയണമെന്നൊക്കെ അവർ തന്നെ തീരുമാനിച്ച് അവർതന്നെ സ്ക്കീം ഉണ്ടാക്കുക. ഗവൺമെന്റിന്റെ അസിസ്റ്റൻസ് ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട് റെനവേഷൻ റിപ്പയർ മാത്രം ആണെന്നുണ്ടെങ്കിൽ ജനറൽ സെക്ടറിൽ ആണെങ്കിൽ വീടുകൾ റിപ്പയർ ചെയ്യുന്നതിന് അയ്യായിരം രൂപ സബ്സിഡി കൊടുക്കും. അത് ഷെഡ്യൂൾഡ് കാസ്റ്റ് ഷെഡ്യൂൾഡ് ട്രൈബ്സിന്റെ വീടുകളാണെന്നുണ്ടെങ്കിൽ, അങ്ങനെയുള്ള വിഭാഗങ്ങൾക്ക് പതിനായിരം രൂപ വരെ വീടുകൾ നന്നാക്കുന്നതിനുവേണ്ടി സബ്സിഡി നൽകിയിരുന്നു. അതുപോലെതന്നെ ഷെൽട്ടർ അപ്ഗ്രഡേഷൻ, മേൽക്കൂര ചിലപ്പോൾ പുതുക്കി പണിത് ബലപ്പെടുത്തേണ്ടതായിട്ടു വരാം. അങ്ങനെയുള്ള കേസുകളിൽ 7500 രൂപ സബ്സിഡി നൽകും. ഇതിനുപുറമേ ഏതെങ്കിലും വീടുകൾ പുതുതായി പുതുക്കി പണിയാനും, റിപ്പയർ മാത്രം പോര റീകൺസ്ട്രക്ട് ചെയ്യണമെന്നുമുണ്ടെങ്കിൽ അതിനും ഈ പദ്ധതി അനുസരിച്ച് നിർമ്മാണം ഏറ്റെടുക്കാവുന്നതാണ്. പരമാവധി ഇത്രയും സഹായം സബ്സിഡിയായി നൽകുന്നതിന് ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്. അതിന്റെ അർത്ഥം ഗവൺമെന്റ് സംസ്ഥാന വ്യാപകമായി ഈ പദ്ധതി നടപ്പിലാക്കി വരുന്നു എന്നതാണ്. അതിന്റെ ഏജൻസി എന്നു പറയുന്നതുതന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളാണ്. അതിനുള്ള സബ്സിഡിയുമുണ്ട്. അതുകൊണ്ട്, ഇത് പ്രയോജനപ്പെടുത്തിക്കൊണ്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, ലക്ഷം വീടുകൾ ഇവയൊക്കെ നന്നാക്കിക്കൊടുക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും പുതുക്കി പണിയുന്നതിനുമുള്ള നടപടികൾ അവർ മുന്നോട്ടു നീക്കുമെന്ന് പ്രത്യാശിക്കുകയാണ്. ഏതായാലും തീർച്ചയായിട്ടും ഗവൺമെന്റ് ഈ പരിപാടി വിജയത്തിലേക്ക് എത്തിക്കുന്നതിനുവേണ്ടി വളരെ ശ്രദ്ധയോടുകൂടി കാര്യങ്ങൾ നീക്കുമെന്ന് ബഹുമാനപ്പെട്ട മെമ്പർക്ക് ഞാൻ ഉറപ്പുതരുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: വിവിധ ഏജൻസികളുടെ സഹായത്തോടുകൂടി ഞാൻ നേരത്തേ സൂചിപ്പിച്ചതുപോലെ ഒരു രണ്ടാംഘട്ട ലക്ഷം വീട് പദ്ധതി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. കെ. എം. മാണി: ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞത് രണ്ടാംഘട്ട നിർമ്മാണമാണ്. ഗവൺമെന്റ് ഓർഡറിലൂടെ, ഈ പ്ലാനിംഗ് ആന്റ് ഇക്കണോമിക് അഫയേഴ്സിന്റെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കുന്ന ഈ പദ്ധതി, രണ്ടാം ഘട്ടത്തിന്, പുതുതായി വിചാരിച്ചാൽ മതി. വേറെയൊരു പുതിയ പദ്ധതി രൂപകൽപ്പന ചെയ്യാനുള്ള ആലോചന ഗവൺമെന്റ് ഇതുവരെ നടത്തിയിട്ടില്ല.

IV. സബ്മിഷൻ

(1) ചിറപ്പുറത്ത് പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കൽ

ശ്രീമതി മാലേത്ത് സരളാദേവി: ആറന്മുള നിയോജകമണ്ഡലത്തിലെ അയിരൂർ പഞ്ചായത്തിലെ ചിറപ്പുറത്ത് പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കണമെന്ന് പറഞ്ഞ് ആദരണീയനായ മുഖ്യമന്ത്രി അവർകൾക്ക് 27-8-2001-ൽ ഒരു കത്ത് സമർപ്പിക്കുകയും അത് അനുസരിച്ച് അദ്ദേഹം 17-9-2001-ൽ 48811/ഇ1/2001/ആഭ്യന്തരം എന്ന മറുപടിയിൽ ഇതിനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും സമർപ്പിക്കുവാൻ പോലീസ് ഡയറക്ടർ ജനറലിനോട് ആവശ്യപ്പെട്ടിട്ടുണ്ട് എന്നു പറഞ്ഞ് കത്ത് നൽകുകയും ചെയ്തു. അതിന്റെ വെളിച്ചത്തിൽ പത്തനംതിട്ട എസ്.പി. കോഴഞ്ചേരി സർക്കിൾ ഇൻസ്പെക്ടറോട് ഇതിനെക്കുറിച്ച് വിവരങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

അന്വേഷിച്ച് അതിന് മറുപടി തരണമെന്നു പറഞ്ഞ് കത്തു കൊടുക്കുകയും അതിൻപ്രകാരം അവിടുത്ത ജനപ്രതിനിധി എന്ന നിലയിൽ ഈ ആവശ്യത്തിന് എന്തെല്ലാം സഹായങ്ങൾ ചെയ്തുതരാമെന്ന് എന്നോട് ചോദിക്കുകയും ചെയ്തു. കാലായിൽ മണിലാൽ എന്ന ആൾ പത്തു സെന്റ് സ്ഥലം ഈ ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി സൗജന്യമായി നൽകാമെന്ന് സമ്മതിക്കുകയും എം.എൽ.എ. ഫണ്ടിൽ നിന്നും അതിന് കെട്ടിടം പണിഞ്ഞ് കൊടുക്കുവാൻ ഞാൻ തയ്യാറാണെന്ന് അദ്ദേഹത്തെ ധരിപ്പിക്കുകയും ചെയ്തു. റിപ്പോർട്ട് സമർപ്പിച്ചു കഴിഞ്ഞു എന്നാണ് എസ്. പി. പറഞ്ഞത്. പക്ഷേ ഒന്ന്, ഒന്നര വർഷക്കാല മായിട്ടും പിന്നെ ഒരു മറുപടിയും ലഭിച്ചിട്ടില്ല. ചിറപ്പുറം എന്ന സ്ഥലം കോയിപ്രം ഗ്രാമപഞ്ചായത്തിൽ ഉള്ള പോലീസ് സ്റ്റേഷനിൽനിന്ന് പതിനൊന്ന് കിലോമീറ്റർ അകലെയാണ് സ്ഥിതി ചെയ്യുന്നത്. എപ്പോഴും സംഘട്ടനങ്ങളും ബഹളങ്ങളുമൊക്കെ നടക്കുന്ന സ്ഥലമാണ്. ഒരിക്കൽ കള്ളനെ പിടിച്ചു വച്ചുകൊണ്ട് പോലീസ് സ്റ്റേഷനിൽ അറിയിച്ചപ്പോൾ ഇവിടെ നിന്ന് വരാൻ വാഹനമില്ല എന്നു പറയുകയും പിടിച്ചു വച്ചിരുന്ന ആളുകളുടെ കയ്യിൽ നിന്നും കള്ളൻ ഓടിപ്പോകുകയുമൊക്കെ ചെയ്തു. അടുത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റെങ്കിലും ഉണ്ടെങ്കിൽ ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ സഹായം ലഭ്യമാകും. അതുകൊണ്ട് ആദരണീയനായ മുഖ്യമന്ത്രിയോട് എനിക്കുള്ള അപേക്ഷ, ചിറപ്പുറത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കുന്നതിനുവേണ്ടി അങ്ങ് അനുവാദം തരണം എന്നാണ്. അതിനുവേണ്ടിയുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നതിന് ഒരു ജനപ്രതിനിധി എന്ന നിലയിൽ ഞാൻ സന്നദ്ധമാണ്. ഈ വിഷയം അങ്ങ് അനുഭാവപൂർവ്വം പരിഗണിച്ച് ഇപ്പോൾ എവിടെയൊക്കെയോ നടമാടിക്കൊണ്ടിരിക്കുന്ന നിഷ്ക്രിയത്വം അവസാനിപ്പിച്ചുകൊണ്ട് ഈ ആവശ്യത്തിന് അനുകൂലമായ നടപടികൾ വേഗത്തിൽ ചെയ്തു തന്ന് സഹായിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): ബഹുമാനപ്പെട്ട മെമ്പർ തന്ന നിവേദനം വളരെ ഗൗരവമായിട്ട് ഗവൺമെന്റ് കൈകാര്യം ചെയ്തുകൊണ്ടിരിക്കുകയാണ്. കോയിപ്പുറം പോലീസ് സ്റ്റേഷൻ അതിർത്തിയിൽ വരുന്ന ചിറപ്പുറം കോയിപ്പുറത്തുനിന്നും എട്ട് കിലോമീറ്റർ അകലെയായതിനാൽ ചിറപ്പുറത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിച്ചു കിട്ടുന്നതിനായി പത്ത് സെന്റ് സ്ഥലം സൗജന്യമായി നൽകുന്നതിന് സ്ഥലത്തെ പൗരന്മാർ തയ്യാറായതിനാൽ അധിക സാമ്പത്തിക ബാധ്യത ഇല്ലാതെ സ്ഥലവും കെട്ടിടവും ലഭ്യമാകുന്ന സാഹചര്യത്തിൽ ചിറപ്പുറത്ത് ഒരു പോലീസ് ഔട്ട് പോസ്റ്റ് സ്ഥാപിക്കാവുന്നതാണെന്ന ഡി.ജി.പി.യുടെ റിപ്പോർട്ടും കിട്ടിയിട്ടുണ്ട്. ഇക്കാര്യം ഗവൺമെന്റ് അനുഭാവപൂർവ്വം പരിശോധിച്ചു വരികയാണ്.

(2) പന്തളം നിയോജകമണ്ഡലത്തിൽ ഇലക്ട്രിസിറ്റി സബ് സ്റ്റേഷന്റെ നിർമ്മാണം

ശ്രീ. കെ. കെ. ഷാജു: മദ്ധ്യ തിരുവിതാംകൂറിൽ ഏതാണ്ട് ഇരുപതു ശതമാനം വോൾട്ടേജ് ക്ഷാമത്തിന് പരിഹാരം കാണാൻ കഴിയുന്ന പദ്ധതിയാണ് എന്റെ നിയോജകമണ്ഡല ത്തിലുള്ള നൂറനാട് പഞ്ചായത്തിലുള്ള 220 കെ.വി. സബ്സ്റ്റേഷൻ. 12-9-1999 ഡിസംബർ മാസത്തിലാണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇപ്പോൾ അതിന്റെ എൺപതു ശതമാനം പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിരിക്കുകയാണ്. ടാറ്റാ പ്രോജക്ട്സ് ലിമിറ്റഡ് എന്ന കമ്പനിയാണ് ഇതിന്റെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്തിട്ടുള്ളത്. സർവ്വേ എല്ലാം പൂർത്തീകരിച്ചു കഴിഞ്ഞു. പക്ഷേ ടവറിന്റെയും ലൈനിന്റെയും പണിയുണ്ട്. ഇതുവരെ

LIBRARY ARCHIVES Kerala Legislative Assembly